പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2034 **26-10-2026-ൽ മറുപടിയ്ക്ക്**

ഒല്ലൂരിലെ വൈദ്യരത്നം ആയുർവേദ കോളേജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഒല്ലൂരിലെ വൈദ്യരത്നം ആയുർവേദ കോളേജിൽ നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള സർക്കാർ അനുവദിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അധ്യാപക തസ്തികകളുടെ കുറവ് മൂലം 2026-27 അധ്യയന വർഷത്തേക്കുള്ള പ്രവേശനാനുമതി നൽകുന്ന വേളയിൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനശേഷിയിൽ 9 സീറ്റുകളുടെ കുറവ് വരുത്തിയിട്ടുള്ളതും ഈ കുറവ് അടിയന്തരമായി പരിഹരിക്കാത്തപക്ഷം കോളേജിന്റെ തുടർ അംഗീകാരത്തെയും വിദ്യാർത്ഥികളുടെ പഠനത്തെയും അത് പ്രതികൂലമായി ബാധിക്കാനിടയുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നടത്തിയ പരിശോധനയിൽ കോളേജിലെ പാരാമെഡിക്കൽ ജീവനക്കാരുടെ കുറവും ആവശ്യമായ ലബോറട്ടറി ഉപകരണങ്ങളുടെ അപര്യാപ്തതയും ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ, ഈ കുറവുകളുടെ വിശദാംശം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

അധ്യാപക ജീവനക്കാരുടെയും, അധ്യാപകേതര (പാരാമെഡിക്കൽ) ജീവനക്കാരുടെയും, ലബോറട്ടറി ഉപകരണങ്ങളുടെയും കുറവ് NCISM റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കോളേജിൽ ആവശ്യമായ ലബോറട്ടറി ഉപകരണങ്ങളുടെ 75.84% മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്

(ഡി) അധ്യാപക, പാരാമെഡിക്കൽ ജീവനക്കാരുടെ കുറവും ലബോറട്ടറി ഉപകരണങ്ങളുടെ അപര്യാപ്തതയും പരിഹരിക്കുന്നതിനായി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: അധ്യാപക തസ്തികകളിലെയും പാരാമെഡിക്കൽ തസ്തികകളിലെയും കുറവുകൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമുള്ളതിനാൽ, ഇക്കാര്യത്തിൽ കൃത്യമായ സമയപരിധി ഇപ്പോൾ നിശ്ചയിക്കാൻ കഴിയില്ല.

ലബോറട്ടറി ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നാഷണൽ ആയുഷ് മിഷൻ (NAM) മുഖേന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ അധ്യാപക, പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ അടിയന്തരമായി നികത്തുന്നതിനും ആവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: അധ്യാപക തസ്തികകളിലെയും പാരാമെഡിക്കൽ തസ്തികകളിലെയും കുറവുകൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമുള്ളതിനാൽ, ഇക്കാര്യത്തിൽ കൃത്യമായ സമയപരിധി ഇപ്പോൾ നിശ്ചയിക്കാൻ കഴിയില്ല.

ലബോറട്ടറി ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നാഷണൽ ആയുഷ് മിഷൻ (NAM) മുഖേന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) മേൽപ്പറഞ്ഞ കുറവുകൾ സമയബന്ധിതമായി പരിഹരിച്ച്, 2026-27 അധ്യയന വർഷത്തിൽ കുറച്ച 9 സീറ്റുകൾ പുനഃസ്ഥാപിക്കുന്നതിനും കോളേജിന്റെ അംഗീകാരം നിലനിർത്തി വിദ്യാർത്ഥികളുടെ പഠനം തടസ്സമില്ലാതെ തുടരുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ?

മറുപടി: അധ്യാപക തസ്തികകളിലെയും പാരാമെഡിക്കൽ തസ്തികകളിലെയും കുറവുകൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമുള്ളതിനാൽ, ഇക്കാര്യത്തിൽ കൃത്യമായ സമയപരിധി ഇപ്പോൾ നിശ്ചയിക്കാൻ കഴിയില്ല.

ലബോറട്ടറി ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നാഷണൽ ആയുഷ് മിഷൻ (NAM) മുഖേന അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ